# G.G.H.S.S MADAYI

# കാക്കപ്പൂ പറയാൻ വെച്ചത്



little KITEs

# ആമുഖം



വിവരസാങ്കേതികവിദ്യ അദ്ഭുതപൂർവമായി വികസിക്കുന്ന വർത്തമാനകാലത്താണ് നാമിന്ന് ജീവിക്കുന്നത്. വാർത്തകൾക്കായി അടയിരിക്കുന്ന ക്യാമറക്കണ്ണുകളും മൊബൈൽ ആപ്പുകളുടെ തള്ളിക്കയറ്റവും നിറഞ്ഞ 'ഇന്നി'ന്റെ വേഗമേറിയ കുതിപ്പിനിടയിൽ എഴുത്തും വായനയും കുറഞ്ഞിട്ടില്ലെന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ് ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ. സർഗവാസനകളുടെ വർണ്ണപ്രപഞ്ചമാണ് ഇതിലെ രചനകൾ.പ്രതികരിക്കുന്ന നാവുകളെനിശ്ശബ്ദരാക്കുന്ന , മുഖം നഷ്ടപ്പെട്ട ജനതയായി ജീവിക്കേണ്ടിവരുന്ന ഡിജിറ്റൽയുഗത്തിൽ ആർദ്രതയുടെ സ്നേഹസ്പർശമായിത്തീരട്ടെ മാഗസിൻ ജൈവവൈവിധ്യങ്ങളാൽ അനുഗ്രഹീതമായ മാടായിപ്പാറയുടെ സമീപത്തു സ്ഥിതി

ചെയ്യുന്ന ഞങ്ങളുടെ സ്കൂളിന്റെ എളിയ സംരംഭമാണ്
'കാക്കപ്പൂ പറയാൻ വെച്ചത്'
എന്ന ഡിജിറ്റൽ മാഗസിൻ


ഫാത്തിമത്തുൽ റഷ .എ
ചീഫ് എഡിറ്റർ



# സന്ദേശം

വിദ്യാർത്ഥികളുടെ ക്രിയാത്മക ശേഷികൾക്ക് സവിശേഷ ഊന്നൽ നൽകുകയും അവരുടെ സമഗ്ര വികാസം വിഭാവനം ചെയ്യുകയും ലിറ്റിൽ കൈറ്റ്സ് സ്കൂൾ യൂണിറ്റ് ഏറെ അഭിമാനത്തോടെയും ആഹ്ലാദത്തോടെയും പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ " കാക്കപ്പൂ പറയാൻ വെച്ചത് "നിങ്ങളുടെ കൈകളിലേക്ക് എത്തുകയാണ് കുട്ടികളുടെ വൈവിധ്യ പൂർണ്ണമായ രചനകൾക്ക് പ്രകാശനം ലഭിക്കുന്ന ഈ സൃഷ്ടിക്ക് നിറമനസ്സോടെ സർവ്വ ഭാവുകങ്ങളും നേരുന്ന

തോടൊപ്പം വരും വർഷങ്ങളിൽ ഇത്തരം സംരംഭങ്ങൾ കൂടുതൽ ഉയരങ്ങളിൽ എത്തട്ടെ എന്നും ആശംസിക്കുന്നു.

അനിത.കെ.പി 
ഹെഡ്മിസ്ട്രസ്



# സന്ദേശം

വായന മരിച്ചുകൊണ്ടിരിക്കുന്നു എന്ന് വിലപി
ക്കുന്ന ഈ കാലഘട്ടത്തിൽ വായനയുടെ വസ
ന്തം തീർക്കാൻ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈ
റ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനായ "കാ
ക്കപ്പൂ പറയാൻ വെച്ചത് " ന് എല്ലാവിധ ആശംസ
കളും നേരുന്നു.

നിസ.ഇ
SITC

# ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്



സ്മിത കെ.കെ



ശ്രീകല എ.വി

# ഉള്ളടക്കം

## ലേഖനങ്ങൾ

മാറുന്ന മാടായി.............................................7
കാണാത്ത പാഠങ്ങൾ...................................51
പ്രളയ കേരളം................................................64

## കഥകൾ

മറക്കാനാവാത്ത ഓർമകൾ..........................6
ജീവിതമായിവന്ന് ജീവനെടു
ത്ത കുന്ന്....................................................12
മഴ.............................................................25
इतज़ार से कुछ न होत..........................................33
മൂവാണ്ടൻ മാവും
കുട്ടിക്കൂട്ടവും.................................................43
അമ്മുവിന്റെ അവധി
ക്കാലം..........................................................54

## കവിതകൾ

The Almighty Bless........................................23
ഓർമ്മപ്പൂവ്.......................................................31
പെണ്ണേ,നീ കരയരുത്.....................................35
ആദിത്യനോട്.....................................................62
Friend ship.......................................................41

# വായനക്കുറിപ്പുകൾ

ടോട്ടോച്ചാന്റെ കഥ.................................................19
ഗാന്ധിജിയുടെ ആത്മ
കഥ കുട്ടികൾക്ക്.......................................................27

# പഴഞ്ചൊല്ലുകൾ.......................................38

# കടങ്കഥകൾ.................................................21

# യാത്രാനുഭവം

പ്രകൃതിയെ തൊട്ടറിഞ്ഞ
ക്യാമ്പ്...................................................................68

# പുസ്തകാസ്വാദനങ്ങൾ

സിനിമാജാലകം.......................................................39
തേൻവരിക്ക.............................................................48

# സ്കൂൾ ചരിത്രം

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിൽ മാടായിഗ്രാമപഞ്ചായത്തിലാണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത് 1951 ൽ മാടായി ഗവ :ഹൈസ്കൂളായി പ്രവർത്തനമാരംമ്പിച്ച വിദ്യാലയം വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം ഭരണ സൗകര്യത്തിനായി ബോയ്സ് ഹൈസ്കൂൾ ,ഗേൾസ് ഹൈസ്കൂൾ എന്നിങ്ങനെ വേർതിരിക്കുകയുണ്ടായി അഹ്ങനെ 1979 ൽ സ്കൂളിന്റെ പടിഞ്ഞാറുവശത്തുള്ള രണ്ടര ഏക്കർ സ്ഥലത്ത് മാടായി ഗവ : ഗേൾസ് ഹൈസ്കൂൾ പ്രവർത്തനമാരംമ്പിച്ചു . 2008 മുതൽ ഹയർ സെക്കന്ററി ക്ലാസുകളും തുടങ്ങിയതോടെ നമ്മുടെ ഈ സരസ്വതി ക്ഷേത്രം പരിമിതിയിൽ ഉണ്ടെങ്കിലും പൂർണതയിൽ എത്തിയിരിക്കുന്നു . അഞ്ഞൂറോളം വിദ്യാർത്ഥികളും മുപ്പത്തിയഞ്ചോളം അധ്യാപകരുമായി മാടായിപ്പാറയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയം തലമുറകൾക്ക് വിജ്ഞാനവെളിച്ചമേകിക്കൊണ്ട് പുതിയ ഉയരങ്ങൾ താണ്ടുന്നു

കഴിഞ്ഞകുറേ വർഷങ്ങളായി നമ്മുടെ വിദ്യാലയം മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ നേട്ടങ്ങളുടെ പാതയിലാണ് . പാഠ്യ പാഠ്യേതര മേഘലകളിലും വിദ്യാലയം കൈവരിക്കുന്ന നേട്ടങ്ങൾ ഈ പ്രവർത്തന മികവിനെ സാക്ഷ്യപ്പെടുത്തുന്നു . എസ്.എസ്.എൽ.സി , ഹയർ സെക്കന്ററി

പരീക്ഷകളിലെ ഉയർന്ന വിജയ ശതമാനം, കൂടുതൽ കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും A+ ഗ്രേഡ് നേടാൻ കഴിഞ്ഞതും , ഗമിത ശാസ്ത്രസെമിനാർ ,ഗണിത മാശിക , ക്വിസ് മത്സരങ്ങളിൽ ജില്ലയിലും സംസ്ഥാന തലത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടാൻ കഴിഞ്ഞതും  അക്കദമിക മേഖലകളിലെ തിളക്കമാർന്ന നേട്ടങ്ങളാണ് . സ്കൗട്ട് ,ആന്റ് ഗൈഡ്സ് ,ജൂനിയർ റെഡ് ക്രോസ് , എൻ .എസ്. എസ്  യൂണിറ്റുകൾ , വിദ്യാരംഗം , സൗഹൃദക്ലബ് എന്നിവയും സ്കൂളിൽ വിവിധങ്ങളായ പ്രവർ ത്തനങ്ങൾ  നടത്തിവരുന്നു . പരിസ്ഥിതി സംരക്ഷണം ശുചിത്വ പ്രവർത്തനങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട് . കൃഷി ഒരു സംസ്കാര മായി വളർന്നു വരേണ്ടതും പരിസര ശുചിത്വം ജീവിതത്തിന്റെ ഭാ ഗമാക്കേണ്ടതാണ്  എന്ന ചിന്ത കുട്ടികളിൽ ഒരു പരിധി വരേ യെങ്കിലും ഉണ്ടാക്കിയെടുക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട് .എന്ന് ഞങ്ങൾ വിശ്വസിക്കുന്നു . പരന്നു

കിടകികുന്ന പച്ചപ്പും ജലസമൃദ്ധിയുമാണ് നമ്മുടെ
മുഖമുദ്രയായി കരുതപ്പെടുന്നത് .എന്നാൽ ഈ ഹരിത
ചാരുത ഏറെ വെല്ലുവിളികൾ നേരിടുകയാണ്
ജലസ്രോതസ്സുകളുടെ മലിനീകരണവും അന്തരീക്ഷ
മലിനീകരണവും ,നഗരഗ്രാമ ഭേദമന്യേ പ്ലാസ്റ്റിക്ക്
മാലിന്യങ്ങളും , അന്യം തിന്നുകൊണ്ടിരിക്കുന്ന കാർ

ഷികമേഖലയും നമ്മുക്ക് മുന്നിൽ വെല്ലുവിളി ഉയർത്തുന്നു .മാറ്റം മനുഷ്യന്റെ മനോഭാവത്തിൽ തന്നെ ഉണ്ടാവണം . മണ്ണും ജലവും പ്രകൃതി വിഭവങ്ങളും ഭാവിയിലേക്ക്

സംരക്ഷിക്കാലുള്ള ദൗത്യം നമ്മുക്ക് ഏറ്റെടുക്കാം.

# മാറുന്ന മാടായി

ലേഖനം

പുരാതന കാലം മുതൽക്ക് തന്നെ ചരിത്രത്തിൽ മാടായി സ്ഥാനം പിടിച്ചിട്ടുണ്ട് സാഹിത്യങ്ങൾ വിദേശസഞ്ചാര കുറിപ്പുകൾ നാടൻ പാട്ടുകൾ തുടങ്ങിയവ മാടായിയിലെ സൂചനകളാണ് . സംഘകാല കൃതികളിലും മാടായിയെ കുറിച്ച് പരാമര്ശിക്കുന്നുണ്ട്.പാറയുടെകനത്തെതുളച്ചിറങ്ങുന്നതാണ് മാടായിയുടെ ചരിത്രം.ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനത്തിന്റെദൃക്സാക്ഷികൂടിയാണ് മാടായിപ്പാറ .

ഏഴിമലയോളം തന്നെ ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ് തൊട്ടടുത്തുള്ള മാടായിപ്പാറ.ഏഴിമലയുടെകിഴക്ക്ഭാഗത്ത് പഴയങ്ങാടിപട്ടണത്തിന്തൊട്ട് പടിഞ്ഞാ

റ്കിടക്കുന്ന ഈ സ്ഥലം വ്യത്യസ്ത തരത്തിലുള്ള ഒരുപാട് ചരിത്ര സ്മാരകങ്ങളുടെ ഒരു പ്രദേശമാണ് . സമീപപ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ കിലോമീറ്റർ പരന്നു കിടക്കുന്ന പാറക്കെട്ടുകൾ നിറഞ്ഞ ഈ സ്ഥലത്ത് ചരിത്ര വിദ്യാർത്ഥികൾക്ക്ഒരുപാട്കാണാനും പഠിക്കാ നുമുണ്ട് . ചെറുപ്രാണികളുടെയും സസ്യങ്ങളുമുൾ പ്പെടെ ജൈവിധ്യസമ്പന്നമാണ് മാടായിപ്പാറ ജൈവവൈവിധ്യത്തിന്റെകാര്യത്തിൽ മാടായി പ്പാറ കൂടുതൽ പ്രാധാന്യമർഹിക്കുന്നു . ഇവിടെ നിന്നും250 ൽപരംചെടികൾ കണ്ടെത്തിയിട്ടുണ്ട്. അത്യപൂർവ്വമായ ഔഷധ സസ്യങ്ങളും 35 ഇനം സ്പീഷിസ് പൂൽച്ചെടികളും ഇരപിടിയൻ ചെടികളുംമാടായിപ്പാറയിലുള്ളതായി കണ്ടെത്തി യിട്ടുണ്ട്.കേരളത്തിൽതന്നെ വാനമ്പാടികളെയും തിന്നിരിപ്പക്ഷികളെയും ധാരാളമായി കാണുന്ന ചുരുക്കം ചില സ്ഥലങ്ങളിൽ മാടായിപ്പാറയും ഉൾപ്പെടുന്നു .

മാടായിഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗവുംവയലേലകളും തെങ്ങിൻ തോപ്പുകളും നിറഞ്ഞസമതലങ്ങളാണ്.കിഴക്കുഭാഗം പീഠഭൂമിയായിനിലകൊള്ളുന്നമാടായിപ്പാറയിൽ തടങ്ങളും ചരിവുകളും പുഴയോരങ്ങളിൽ കുറച്ചുഭാഗം ചതുപ്പുനിലം.മാടായിയിലെ ഭൂമിഭാഗങ്ങളെ ആറായിതരംതിരിക്കാം.പുഴയോടുചേർന്ന ചതുപ്പുനിലം ,വെളുത്തപൂഴിമണ്ണുള്ള തീരസമതലം , പൂഴിയുംഎക്കലുംചേർന്ന വയൽസമതലം,ചരൽമണ്ണുള്ള കുന്നിൻചരിവുംതടങ്ങളും,മേൽത്തട്ടിലെ ചെങ്കൽപ്പാറപ്രദേശം,കുന്നിൻചെരുവിലെ വനം .

മാടായിപ്പാറയുടെ ചരിത്രത്തെകുറിച്ച് കൂടുതൽ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട് . മാടായിപ്പള്ളി,ജൂതക്കുളം , വടുകുന്ന്ശിവക്ഷേത്രം ,തടാകം,മാടായിക്കോമോതിക്കൊണ്ടനിൽക്കുന്നു .ഇന്നത്തെകാലഘട്ടത്തിലേക്കെത്തുമ്പോഴുണ്ടായ പല വികസനങ്ങളും ഇന്ന് മാടായിയിൽ ദൃശ്യമാണ് .

പുരാതനകാലം മുതൽക്കെ തന്നെ ചരിത്രത്തിൽ മാടായി സ്ഥാനം പിടിച്ചിട്ടുണ്ട് . ചരിത്രത്തിൽസ്ഥാനംപിടിക്കാൻതന്നെ കാരണംജൂതക്കുളം,മാടായിക്കോട്ട , പരന്നുകിടക്കുന്നമാടായിപ്പാറഇവയൊക്കെയാണ്.ഇവയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

**ദൃശ്യ . കെ**

# സ്വാതന്ത്ര്യം

കവിത

റിസ നിസാർ

പ്രഭാതത്തിൽ തണുത്തക്കാറ്റ്
തഴുകിടുംനേരം
ശാന്തമായി ഞാനറിഞ്ഞു
സ്വാതന്ത്ര്യത്തിൻ അനുഭൂതി
കിഴക്ക് അരുണോദയത്തിന്റെ
വെൺ കിരണങ്ങൾ
ഭൂമിയെ തലോടുമ്പോൾ
ഞാനറിഞ്ഞു ഉണർവിൻ സ്വാതന്ത്ര്യം
വൃക്ഷങ്ങളിൽതാമസിക്കുംകിളികളുടെ
കളകള രവം കേൾക്കുമ്പോൾ
ഞാനറിഞ്ഞ,മധുരമാം സ്വാതന്ത്ര്യം



# മറക്കാനാവാത്ത ഓർമ്മകൾ



*കഥ*

രമേശന്റെയും സുമയുടെയും ഏകമകളായ അമ്മുക്കുട്ടി വളരെ പിടിവാശിക്കാരിയാണ് . അവളുടെകാര്യംനടന്നില്ലെങ്കിൽ അവളെന് വേണമെങ്കിലുംചെയ്യും.എന്നാലും അമ്മുവിന് ചുറുചുറുക്കംതന്റേടവുംഅവോളമുണ്ട്.അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്.അവളുടെ സ്കൂളിൽ നിന്നും ഒരു വിനോദയാത്ര പോകുന്നുണ്ട്. അവൾ അച്ഛനോട് കാര്യം പറഞ്ഞു : “അച്ഛാ, എന്റെ സ്കൂളീന്ന ടൂറ് പോകുന്നുണ്ട് മുന്നൂറുപ്പ്യാ ഫീസ് ... എനിക്കുംപോണച്ഛാ ”. ആസമയത്ത്രമേശന്കാശിന്ബുദ്ധിമുട്ടുള്ളസമയമായിരുന്നു.രമേശ്അവളെആട്ടിയോടിച്ചു. അവൾ കൈയ്യിലൊരു ടോർച്ചുമെടുത്ത്

പുറത്തേക്ക് നടന്ന്. പിന്നെ ഓടി. എങ്ങോട്ടെന്നില്ലാതെ ...രമേശനും സുമയും വീടേങ്ങും അമ്മുവിനെ പരതി . അമ്മു വീട്ടിലില്ലെന്നു മനസിലായി .സുമ കരയാൻ തുടങ്ങി.രമേശ്പുറത്തേക്കിറങ്ങി.രാത്രിയിലെ അയാളുടെ ശരീരത്തിൽ ആഞ്ഞുകൊണ്ടു .മനസോപദനകള്കൊണ്ടുപുളഞ്ഞു.അമ്മുക്കുട്ടി ഓടിയോടിഒരു കാട്ടിലാണെത്തിയത്.തിരിച്ചു പോകാൻ നോക്കിയപ്പോഴാണവൾക്കു മനസിലായത്അവള്ക്കവഴിതെറ്റിയിരിക്കുന്നു .ഓടിയോടി എത്തിയപ്പോൾ അങ്ങവിടെ ഒരു കുടിൽ കണ്ടു. 12:00 വരെ കാത്തിരുന്നിട്ടും അവൾ വന്നില്ല.രമേശൻ സൈക്കിളെടുത്ത് നേരെ പോയി. എവിടെയും അവളെ കാണാനില്ല.അയാൾ അലറി വിളിച്ചു : “മോളേ , നീ ടൂറ് പോയി തിരിച്ചു വാ” പക്ഷെ ആ വിളി കേൾക്കാൻ

ഗാഢമായ ഇരുട്ടും നിർത്താതെ അലമുറയിടുന്ന ചീവീടുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സങ്കടവും നിരാശയും അയാളെ മൂടി.അയാളാ മരച്ചുവട്ടിൽ വീണു. അതേ സമയം,ആ കുടിലിൽ അഭയം ചോദിച്ച അമ്മുക്കുട്ടിക്ക് അവർ അഭയം നൽകി. അല്ലു എന്നു പേരുള്ള ഒരാൺകുട്ടിയും അച്ഛനും അമ്മയും അതായിരുന്നുഅവളുടെകുടുംബംഅന്നവള് ക്കുറക്കംമുണ്ടായിരുന്നില്ല. അമ്മയെയും അച്ഛനേയും കുറിച്ചോർത്തു ആരുമറിയാതെ വിതുമ്പി ക്കരഞ്ഞു. ശബ്ദം പുറത്തുക്കേൾക്കാതെ. പുലർച്ചയാകുന്നതിനു മുമ്പേ വീട്ടുകാരോട് യാത്ര പറഞ്ഞ് അമ്മുക്കുട്ടി ഓടി. പ്രതീകഷ കൈവിടാതെ കാത്തിരുന്ന രമേശന്റെ അടുതെത്തി.രണ്ടു പേർക്കും സന്തോഷമായി .അപ്പോൾ രമേശൻ

പറഞ്ഞു: “മോളള് ടൂറ് പോയിക്കോ ”അപ്പോൾ അമ്മു പറഞ്ഞു : “വേണ്ടച്ഛാ, എനിക്ക് ടൂറിന് പോണ്ടാ... എനിക്ക് മനസ്സിലായി... അച്ഛന്റെ കൈവശം പൈശില്ലാന്ന്. ഇനി ഞാൻ വാശി പിടിക്കില്ലാട്ടോ”തിരിച്ചു വന്നു. സുമ അവരെ കണ്ടപ്പോൾ എഴുന്നേറ്റ് പോയി.അവരെ കെട്ടി പിടിച്ചു.അമ്മു പറഞ്ഞു : “അച്ഛന്റേം അമ്മേടേം നല്ല മോളായി ഈ അമ്മുക്കുട്ടി ഉണ്ടാവും”.അടുത്തപ്രാവിശ്യംഅവളുമുണ്ടായി രുന്നു ഉല്ലാസത്തോടെ ടൂറിന്.... അവളുടെ കൂട്ടുക്കാരോടപ്പം...

-വിസ്മയ കെ.പി

# BLESSING GOD

poem




Oh god! What a bless
A million of blesses
Feeds the dying bless
Breathes me back to life....
In the earth, I see something to believe in...
Hands are like magic
And feels the sweetest pain....
Let the curses lead into the bless
Let our dream get lost
Feels the sorrows high!
One touch and I got blessed,
By birthing of earth by god
Its like a starship leading into the light.
You and I got lost in the infinite bless.

To the earth ,
full of blue
full of green
and full of love

ANNAPOORNA.C

# ജീവിതമായിവന്ന് ജീവിതമെടുത്ത കുന്ന്



കഥ

അടങ്ങാത്ത പകയെന്നപോലെ മഴ കോരിച്ചൊരിയുന്നു .ആ പകയ്ക്കു മുന്നിൽ വിറച്ചുനിന്നുരാമുവുംകുടുംബവും.ഇത്തിരിച്ചെറ ിയ വീടാണത് .അവിടെ നിന്നിറങ്ങിയാൽ അഭയത്തിനായി അവർക്ക് വേറെ ഒരിടമില്ല.മരം വെട്ട് തൊലാളിയായിരുന്നു രാമു.ക്യാമ്പിലേക്ക് മാറാം എന്നു കരുതിയപ്പോൾ മഴയുടെ പക അൽ പമൊന്നുശമിച്ചു.കുന്നിൻപ്രദേശത്തായിരുന്നു അവരുടെ വീട് .പച്ചപ്പ് നിറഞ്ഞ കുന്ന് .അതിന്റെ മുകളിലോട്ടായിട്ടാണ് രാമുവിന്

ഈൗയുടയായി ജോലി .മഴ പിന്നേയും തുടർന്നു .രാമുവിന്റെ മൂത്ത മകൻ പുറത്തു നിന്നു മഴയത്തു കളിക്കുകയായിരുന്നു .രാമു അടുത്തുള്ളകടയിൽ ചെന്നതായിരുന്നു .ഇളയകുട്ടിയും കൂടെയുണ്ടായിരുന്നു . അടുക്കളയിൽ ജോലി ചെയ്യുകയായിരുന്നു അമ്മയും ഭാര്യയും . ഒരു നിമിഷം എല്ലാവരും നിശ്ശബ്ദരായി....കുന്നിൻ മുകളിൽ നിന്നും ആർത്തിരമ്പുന്ന ശബ്ദം .പുരത്തു കളിച്ചുകൊണ്ടിരുന്ന ഉണ്ണി കൂക്കി വിളിച്ചു പറഞ്ഞു അമ്മേ .....ഓടിക്കോ.... ആവാക്യം പൂർതിയാകുന്നതിനു മുമ്പ് തന്നെ ആർത്തിരമ്പി വന്ന മണ്ണും മരങ്ങളും അവരെ ഒന്നാകെപൊതിഞ്ഞു.അവരുടെനിലവിളികൾക്ക്അധികം ആയുസ്സുണ്ടായിരുന്നില്ല .അൽപ സമയത്തിനു ശേഷം ആ ഗ്രാമം ഒന്നാകെ നിശ്ശബ്ദമായി ഓടിവന്ന രാമു കണ്ടത് ഒരു

തരിശ്ഭൂമി.അവിടെ ഉണ്ടായ തന്റെ വീട് മറ്റുള്ള വീടുകൾ മരങ്ങൾ മുറ്റത്തു കളിച്ചുകൊണ്ടിരുന്ന തന്റെ മകൻ എല്ലാം മണ്ണറഞ്ഞുപോയി.ഒരുനിമിഷംനിശ്ശബ്ദനായ ിരുന്ന് രാമു കരഞ്ഞു .കയ്യിലിരുന്ന കുഞ്ഞ് ഒന്നുമറിയാതെ അമ്മേ എന്നു വിളിച്ച് കരയുന്നുണ്ടായിരുന്നു.താന്സമ്പാദിച്ചുണ്ടാ ക്കിയ വീടും പറമ്പും,എന്റെ അമ്മ ,ഭാര്യ, മകൻ എന്നിങ്ങനെയായി രാമുവിന്റെ വായിൽ നിന്നും ആവർത്തിച്ചുള്ള വാക്കുകൾ. ക്യാമ്പിലുള്ള ആൾക്കർ രാമുവിനെ ആശ്വസിപ്പിച്ചു.രക്ഷാപ്രവര്ത്തകര്നിങ്ങളു ടെ വീട്ടുകാരെ രക്ഷിക്കും എന്നു പറഞ്ഞതും രാമു കുഞ്ഞിനെയുമെടുത്ത്അവിടേക്ക് പാ ഞ്ഞു.കുഞ്ഞിനെ അവിടെ നിർത്തി രാമു രക്ഷാപ്രവർത്തനത്തിനൊരുങ്ങി.തന്റെ വീടുണ്ടായ സ്ഥലം ഏകദേശം ഒരൂഹം

വെച്ച് ഒരു ഭ്രാന്തനെ പോലെ മണ്ണ് മാറ്റി .അയാൾ കുറെ താഴെയായപ്പോൾ പെട്ടെന്നൊരു അലറിവിളി എല്ലാവരും നോക്കിയപ്പോൾ കണ്ടത് സൈക്കിളിൽ ഒരു കാൽ .രാമുവിന്റെ കണ്ണീരിന്റെ നനവും മഴയുടെ നനവും അവരുടെ പ്രവർത്തനത്തെ ദുഷ്ക്കരമാക്കി.ഒടുവിൽ തന്റെ കുഞ്ഞിന്റെ ചേതനയറ്റശരീരംഒരു തുണിയിലൊതിഞ്ഞാമുകരഞ്ഞുനടന്നു.തന്റെ കുഞ്ഞിന്റെ കർമങ്ങൾ ചെയ്യാനും ചെന്നുകിടത്താൻ പോലുംവീടില്ലകുഞ്ഞനുജന്റെനിറുത്താതെയുള്ളഏട്ടാ...ഏട്ടാ...എന്നുള്ള ആ വിളി ആഗ്രാമമാകെ പ്രതിധ്വനിച്ചു.എന്തു ചെയ്യും ? എങ്ങോട്ട് പോകും ?എന്നറിയാതെ രാമു അവിടെ തന്നെ ഇരുന്നു......രാമു കുന്നിനോടുപറഞ്ഞു:"നിന്റെജീവന്റെഅംശമാ

യ മരങ്ങളെ വെട്ടിമാറ്റിയത് കൊണ്ടാണോ ഇന്ന്എന്റെജീവന്റെഅംശമായഎല്ലാംനീവെട്ടിമാറ്റിയത്?

**ഫാത്തിമത്തു സുഹറ**

# पृकृति की सज़ा

कवित



आज दिन कैसे
भूलूँ ? कोई किसी को न -
ही मिलनाहै ऐसा अनुभव ।
क्यो सब ने दिया मुझे ऐसे हालत ।
अब मेरे जगह के साथ जी-
मेरे परिवार भी गए ।
अब मुझे सब अंधेरा दिखती है ।
नष्ट हुई बस मेरा नही, सब को ।
प्यार से और पसीने से-
बना हुआ सपना चली गई
इतनी बडी सज़ा मिला मूझे माँ से ।हर समय भुभकाम
करने वालो को ।
ऐसा ही मिलता है ।बस
बदमाश लोगों को नही ।

क्यो सब ने दिया मुझे ऐसी हालत
पृकृति को नाश करने वालों को।
पृकृति उसके बदले हमें
ऐसी सज़ा देतीहै।
सब दौलत गई मेरी।
सच मे मेरे सर झुकता है
मैं क्या करूँ ?मुझे रूला दिया और
हँसा दिया एक ही भगवान।
कुछ तो है राबता मूझे
ये घर से।और छोङ गई सब।ओ....मेरे पिया...
क्यो रबने दिया मुझे ऐसी हालत/

Annapoorna.c

# ടോട്ടോച്ചാൻെറ കഥ



### വായനാകുറിപ്പ്

ഞാൻവായിച്ചത്തെത്സുകോ കുറേയാനഗിയുടെ "ടോട്ടോച്ചാൻെറകഥ”എന്നപുസ്തകമാണ്.അതെനിക്ക് വളരെഇഷ്ടമായി ടോട്ടോച്ചാൻ എന്നജപ്പാൻകുട്ടിയുടെസുഖവുംദ:ഖവുംനിറഞ്ഞ ജീവിതത്തിൻെറകഥയാണീപുസ്തക.കുട്ടികൾക്കവ ◌ായിച്ചുവളരാനുംഅറിവിൻെറയുസംസ്കാരത്തി ൻെറയുംപുതിയലോകങ്ങളിലെത്താനുംഉതകുന്ന ഒരുഅക്ഷരയത്ര.തെത്സുകോകുറേയാനഗിയുടെ ആത്മകഥപ്രാഥമികവിദ്യാഭ്യാസരംഗത്ത്നടത്ത ◌ിയഒരുപരീക്ഷണത്തിൻെറകഥയാണ്.ഗ്രന്ഥക ◌ാരിബാല്യംപിന്നിട്ടറ്റോമോഎന്നഅപൂർവ്വവിദ്യാ യത്തെക്കുറിച്ചുംകൊബായാഷിമാസറ്ററെക്കുറിച്ചു ◌ംനൽകുന്നരസകരവും ദു:ഖവും നിറഞ്ഞ വിവരങ്ങൾ മുതിർന്നവരെ യും കുട്ടികളേയും

ഒരുപോലെ അത്ഭുതപ്പെടുത്തുന്നു.കുട്ടികളുടെ സർഗ്ഗവാസനകളുണർത്താൻ,പ്രകൃതിയെപിന്തുടരാൻ വിടണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ കൃതിയുടെ പുനരാഖ്യാനം.കഥയുടെഅവസാനം ദു:ഖകരമായഅനുഭവമാണ്ടോട്ടോച്ചാനുണ്ടായത്. ജപ്പാൻയുദ്ധത്തിൻെറ ഫലമായുണ്ടായബോംബ് വർഷത്തിൽറ്റോമോസ്കൂൾ കത്തിയെരിഞ്ഞു .എല്ലാവരുംഅവിടംവിട്ട്പോവുകയും ചെയ്തു. ടോട്ടോച്ചാന്തൻെറമാസ്റ്ററേയും ചങ്ങാതിമാരേയും പിരിയേണ്ടി വന്നു.എന്തായാലും വായനക്കാരെ കരയിച്ചു കൊണ്ടണ് കഥ അവസാനിക്കുന്നത്.

**ആവണി രഘുനാഥൻ പി.പി**

# കടങ്കഥകൾ

1. അടയുടെ മുമ്പിൽ പെരുമ്പട
2. അകത്ത്പോയപ്പോൾപച്ച
പുറത്തുവന്നപ്പോൾ ചുവപ്പ്
3. ഇത്തിരി മുറ്റത്തഞ്ചോളാളുകൾ
4. ഓടി നടക്കും തീയുണ്ട
5. കണ്ടാൽ വേര്,തിന്നാൽ മധുരം
6. കണ്ടാലറിയില്ല കൊണ്ടാലറിയും
7. കാലകത്തിയാൽ തല പിളരും
8. കൊക്കിരിക്കും കുളം വറ്റി വറ്റി
9. തൊട്ടാൽ പിണങ്ങും ചങ്ങാതി
10. പുക തുപ്പും പാമ്പ്.

# ഉത്തരങ്ങൾ

1. തേനീച്ചക്കൂട്
2. വെറ്റിലമുറുക്ക്
3. കൈവിരലുകൾ

4. മിന്നാമിനുങ്ങ്
5. ഇരട്ടിമധുരം
6. കാറ്റ
7. കത്രിക
8. നിലവിളക്ക്
9. തൊട്ടാവാടി
10. തീവണ്ടി.

റിസ നിസാർ

# THEALMIGHTY BLESS

poem

Sparkling like jewels...
shining like pearls...
twinkling like a group of stars
smiling like a moon in the sky.....
Your smile is more than the ocean
your care is wider than the sky...
your love is more than the whole world.......
When hungry as a chef.....
when mistaken as a teacher....
when sicked as a doctor.....
You are sweater than honey



you are my angel
you are the virgin

The almighty “bless” from the God
the visible God, that i can tech,
and feel....
Oh my mother, my bless.....
that’s you..........

SANJANA .M.SUNNY

# മഴ



കഥ

കവിത പുറത്തിറങ്ങുമ്പോഴേക്കും മഴ തിമർത്തുപെയ്യുകയായിരുന്നു . മഴയുടെ ചടപടേ എന്ന ശബ്ദം കേട്ടു്വരാന്തയിലിരുന്ന ഒരു കസേര തപ്പിപ്പിടിച്ച് അവൾ അതിലിരുന്നു . ഒരു നിമിഷം അവൾ നിശ്ശബ്ദയായി .അവൾ അവളുടെ കഴിഞ്ഞു പോയ കാലങ്ങളേക്കുറിച്ച് ആലോചിക്കുകയാണ് .... മഴയോട് വളരെ ഇഷ്ടമായിരുന്നു എനിക്ക്. വളരെ ചെറുപ്പത്തിൽ തന്നെ മഴ ആസ്വ്വതിച്ചുതുടങ്ങി .ദൃശ്യമാധ്യമങ്ങളിൽ കാണുന്ന മഴ ദൃശ്യങ്ങൾക്കു വേണ്ടി ഞാൻ കാത്തു നിൽക്കുമായിരുന്നു . ഞാൻ വളർന്നു വലുതായി.കൈയ്യിൽഫോണും ക്യാമറയുമൊക്കെ കിട്ടിയപ്പോൾ ഞാനും

മഴയത്ത് മതിമറന്നുഷ്ടപ്പെയ്യാൻ തുടങ്ങി.ഒരു ശനി യാഴ്ച്ചമഴപെയ്യുന്നുണ്ടെന്നറിഞ്ഞപ്പോള്ഫോ ണെമെടുത്തോടിയതാ.......കണ്ണിനുചെറുതായി ചൊറിച്ചിൽ അനുഭവപ്പെട്ടു . ഒരു നിമിഷം പോലുംഅത്എന്തു കൊണ്ടാണെന്നാലോ ചിക്കാതെമഴചിത്രങ്ങൾപകർത്തി. വാട്സാ പ്പിലും,ഫേസ്ബുക്കിലുംഒക്കെഇട്ടു .വൈകു ന്നേരമായപ്പോള്ചൊറിച്ചില്കൂടിഹോസ്പ്പിറ്റലി ൽപോയിനോക്കുമ്പോഴേക്കുംറെറ്റിനയ്ക്കുക്യാൻ സര്ചേച്ചികവിതയുടെഅനുജത്തികഥവിളി ച്ചപ്പോഴാണ്കവിതസ്വപ്നലോകത്തുനിന്നെഴു ന്നേറ്റത് .അവളുചെ കണ്ണിൽ നിന്നും കണ്ണീർ മഴപെഴിച്ചു.കവിതതന്റെപതിനഞ്ചാംവയസ്സി ല്ഈലോകത്തോട് വിടപറഞ്ഞു . അവളുടെ ഓർമയ്ക്കായി അവളുടെ അനുജത്തിക്ക് മഴ എന്നപേരു വിളച്ചു**ഫാത്തിമത്തുൽ റഷ .എ**



# ഗാന്ധിജിയുടെ ആത്മകഥ കുട്ടികൾക്ക് ആത്മകഥ

സ്കൂൾ ലൈബ്രറിയിൽ നിന്ന് എടുത്ത കെ. രാധാകൃഷ്ണന്റെ 'ഗാന്ധിജിയുടെ ആത്മകഥ കുട്ടികൾക്ക്' എന്ന പുസ്തകമാണ് ഞാൻ വായിച്ചത്. കെ. സതീഷ് ആണ് ഇതിലെ ചിത്രീകരണംനടത്തിയത്.മികച്ചബാലസാ ഹിത്യ ഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമിഅവാര്ഡ്നേടിയതിയാണിത്മ്മു ടെ രാഷ്ട്രപിതാവായ ബാപ്പുജി എന്ന മഹാത്മാഗാന്ധിയുടെബാല്യം, സ്കൂൾ കാലം, നേരത്തേയുള്ളവിവാഹം,മോഷണശ്രമങ്ങളു ം നുണകളും അദ്ദേഹത്തെ പഠിപ്പിച്ച

പാഠങ്ങൾ,മാതാപിതാക്കളോടുള്ളബഹുമാനം എന്നിവഈപുസ്തകത്തില്പ്രതിപാദിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ അദ്ദേഹം നടത്തിയ പോരാട്ടങ്ങളെ കുറിച്ച് വ്യക്തമായി ഇതിൽ വിവരിക്കുന്നു.ലളിതമായ ഭാഷയാണ് ആത്മകഥയിലേത്.ഈ കൃതി നല്ലൊരു മനുഷ്യനെ സൃഷ്ടിക്കാനും വിശാലമായ ഈ ലോകത്തെസധൈര്യംനേരിടാനുംസഹായിക്കുന്നു. എനിക്ക് ഈ ആത്മകഥ പൂർണമായും ഇഷ്ടപ്പെട്ടു.

**സ്രീശ വി ആർ**

# ഞമ്മളെ കണ്ണൂർ




| | |
|---|---|
| ബേജാറ് | - വേവലാതി |
| വർക്കത്ത്ണ്ട് | - കാണനൊരുഭംഗിയുണ്ട് |
| മോന്തി | - സന്ധ്യ |
| മോന്ത | - മുഖം |
| കയ്ഞ്ഞ് | - കഴിഞ്ഞ് |
| ആട | - അവിടെ |
| ഈട | - ഇവിടെ |
| എടങ്ങേറ് | - ബുദ്ധിമുട്ട് |
| കീഞ്ഞ് | - ഇറങ്ങുക |
| പെരിയ | - വഴി |
| കച്ചറ | - മാലിന്യം |
| ബേണ്ട | - വേണ്ട |
| ബേങ്കി | - വേഗം ഇറങ്ങുക |
| നോക്ക്റാ | - നോക്കുക |
| പാങ്ങ് | - ഭംഗി |

## കാക്കപ്പൂ പറയാൻ വെച്ചത്

| | | |
|---|---|---|
| ചൊറയാക്കുക | - | ബുദ്ധിമുട്ടാക്കുക |
| പാരുക | - | ഒഴിക്കുക |
| തേച്ചും | - | മുഴുവൻ |



# ഓർമ്മപ്പൂവ്

കവിത

ഒരുവേളയിൽ ഞാനറിയതെ
ഒരായിരംസ്വപ്നങ്ങളിൽ
വിടർന്നലിഞ്ഞ നിൻമുഖം
കരുണയൽപ്പം തീണ്ടാതെ
ബാല്യകാലത്തെ പിച്ചിചീന്തിയ
കഴുകൻ കണ്ണുകൾ ചുറ്റിപ്പാറുന്ന
ലോകത്തിനു നീ ഒരിതളായ്.........
പൂവായ് അലിഞ്ഞുപറഞ്ഞില്ല നീ ഒരു
യാത്രമൊഴിമൊഴിഞ്ഞില്ല നീ ..........
ഇന്ന് നീയെൻ സ്വപ്നത്തിൽ രാഗമാണ്
എൻമോഹത്തിൻ താളമാണ്.
ബാല്യകാലത്തെ സ്നേഹിക്കും മുമ്പേ നീ .......
അമ്മതൻ ശാസന,

ലാളന, സ്നേഹവും കവിളിലായി
നൽകുന്ന നറുമുത്തങ്ങളും
അറിയാതെ അതിലലിയാൻ കഴിയാതെ
മാഞ്ഞ മറഞ്ഞു പോയില്ലേ നീ......
ഒടുവിൽ ഞാനണരുമ്പോഴേക്കും
നീ  അവസാന നിദ്രയിലാണ്ടുപോയ്
നീ ഇന്നെനിക്കൊരോർമ്മയല്ല
ഇന്നിൻെറ  മർത്യ ഭ്രാന്തിനുള്ളത്തരമാണു നീ
കണ്ണീരു  വറ്റിയ  ശിൽപ്പികൾ കൊത്തി
വച്ചിരിക്കുന്ന നിൻമുഖം കാണുമ്പോൾ,
ആസിഫാ...........നീ
ഇന്നെനിക്കോർമ്മയല്ല.      **സൂര്യ . കെ**

# इेतज़ार से कुछ नही होत




**कहानि**

इंतज़ार करना बहुत मुशकिल काम है।इससे भी बहुत मुशकिल है।ऐॅक पापा अपनॅ बॅटी कि इंतज़ार करना ।तो यहॉ ऐॅक कहानी बतानि हुँ, ऐॅक इंतज़र कि कहानी।

बहुत सालों पहले ऐॅक आच्छे से ओर प्यारे से परिवार रहता था,एक गाँव में। एक पापा ,माँ और एक बेटी ।बहुत अच्छी सी बेटी मिला उस मम्मी और पापा को।बचपन मैं बहुत सुन्दर लगती थी।उस बॅटी का नाम है 'अपुरवा' ।वो
अच्छी तरह पढाई करति थी। सुन्दर सॅ गीत गाति थी। अच्थॅ सॅ नाचता था और मम्मी पापा को आदर करनेवाली थी।और मम्मी पापा कॅ जान था वॉ बॅटी।आपूरवा का

मम्मी - पापा आपूरवा को आच्छी सॆ संभालते थी।प्यार करतॆ थी।थीरॆ थीरॆ अपूरवा बडी हो गया ।बडे बनकॆ ऎक आफिसर बनि।और इगंलैड मैं गयी काम करनॆ कॆलिये।और उस समय बार-बार अपूरवा मम्मी पापी को मिलनॆ आयी थी।और पाचँ साल के बाद अपूरवा वापस आयी और फिर अपूरवा की शादी हो गयी।फिर भी बार - बार मम्मी - पापा को मिलने आयी थी / पर बच्चों - होने के बाद वो नही आयी / अब मम्मी - पापा बूढा, बूढी- हो गयी / अब अपूरवा और उसकी पति बहुत खुशी से चल रही-है । अब अपूरवा के पति को इंगलैड़ में टानस्फर हुआ। तो -पूरी परिवार इंगलैड़ चले गए । और कुछ साल तक नहीं -आया । अब अपूरवा के मम्मी - पापा चलने नहीं पाया थो । वो मम्मी-और पापा उसके बेटी की इंतज़ार कर रहा थो -

# പെണ്ണേ , നീ കരയരുത്



കവിത

കേരളത്തിൽ നമ്മൾ
വാഴുന്ന പിന്നെയും
കള്ളം ചെയ്താലൊട്ട് ശിക്ഷയതുമില്ല
ജയിലുകളിൽ കുറ്റവാളികൾ തിങ്ങുന്നു
നാലുനേരങ്ങളിൽ വെട്ടിവിഴുങ്ങാനായ്
പാവങ്ങളായ പെൺകുഞ്ഞുങ്ങളെക്കൊന്ന്
ലജ്ജയില്ലാതെ നടക്കുന്നിതു ചിലർ
മാതാപിതാക്കൾ വിഷമിച്ച് നിന്നിട്ടും
നീതിപീഠം കനിയുന്നതുമില്ലല്ലോ ...
രാജാക്കന്മാരുടെ കാലത്താണെങ്കിൽ
തെറ്റുചെയ്താൽ തല പിന്നെ കാണില്ല .
ഇപ്പോഴത്തെ നീതിപീഠങ്ങളാണെങ്കിൽ
കണ്ണുകൾ കെട്ടി വിധിയതു ചൊല്ലുന്നു .
അന്ധതബാധിച്ച നീതിപീഠത്തിന്റെ

കണ്ണുകൾ നമ്മൾ തുറപ്പിച്ചു കൊള്ളണം
ജിഷയെ കൊന്ന അമീറുള്ളയാകട്ടെ
ശിക്ഷയവർക്കെല്ലാം ഒന്നുമാത്രം
തൂക്കിലേറ്റണം രണ്ടിനേയും പിന്നെ
വാളയാർ പൈതങ്ങളാകട്ടെ പിന്നേയും
അവരുടെ മാതാപിതാക്കൾക്കു വേണ്ടിയും
കൊലയാളികളെ കയറൂരിവിടരുത്
അവരെയും തൂക്കിലേറ്റണം ഉടനെ ...
നീതിപീഠത്തിന്റെ കണ്ണുതുറപ്പിച്ച്
നേർവഴി കാട്ടണം നമ്മളിലും ചിലർ
പെണ്ണിനെ കാണുന്ന കണ്ണതു മാറ്റണം
ദുർബലയല്ലവൾ പാവമതുമല്ല
അമ്മയും പെങ്ങളും പുത്രിയുമാണവൾ
രൗദ്രത ബാധിച്ച കാളിയുമാണവൾ
ചിരിയും കളികളും അവളിലുമുണ്ടല്ലോ
പെണ്ണേ... നീയൊരു തീയായ് മാറുക
കാമം കലങ്ങിയ കണ്ണുകൾ കാണുമ്പോൾ

സുന്ദരിയാണ് പവിത്രയുമാണ് നീ
ആവശ്യമുണ്ടായാൽ ദുർഗയുമാണ് നീ ...
ചിലരുണ്ട്,ഭൂമിയിൽപെണ്ണിനെ
കാണുമ്പോൾ
മദമിളകുന്ന ചില ആനകളെപ്പോലെ ...
പെണ്ണേ ... നീയൊരു അസ്ത്രമായ് മാറുക
കാളിയുമാവുക ; ദുർഗയുമാവുക
ആപത്ത് ഘട്ടത്തിൽ നെഞ്ചുപിളർക്കുന്ന
നരസിംഹമാവാനും നീ മടിക്കേണ്ട ....

**പ്രാജക്ത രാജീവ്**

# പഴഞ്ചൊല്ലുകൾ

1."ചക്കതിന്നുന്തോറുംപ്ലാവ്വെക്കാൻതോന്നും"
2. "പുളിച്ച മാമ്പഴം പുളിശ്ശേരിക്കമ്പം "
3."കർക്കിടകത്തിൽ ചേന കട്ടിട്ടും തിന്നണം
4. "ആയിരം മാങ്ങയ്ക്ക് അരപ്പൂള് തേങ്ങ "
5. "വിത്തെടുത്തുണ്ണരുത് "
6. "അത്താഴം അത്തിപ്പഴത്തോളം "
7. "അരിയെറിഞ്ഞാൽ ആയിരം കാക്ക "
8."അണ്ടിയോടടുത്താലേമാങ്ങയുടെപുളിയറി
9. "പാലായാലും കാലം തെറ്റിക്കഴിക്കരുത്"
10. "താളും തകരേം മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
ചേനേം ക്ലർക്കേം മുമ്മാസം
അങ്ങനേം ഇങ്ങനേം മുമ്മാസം"

# സിനിമാജാലകം

**പുസ്തകാസ്വാദനം**

ഡോ.ജിനേഷ് കുമാർ എരമത്തിൻെറ 'സിനിമാജാലകം'എന്ന പുസ്തകമാണ് ഞാൻ വായിച്ചത്. ഇതിൽ സിനിമയെ പറ്റിയാണ് പറയുന്നത്. മികച്ച സിനിമകൾ കുട്ടികൾ കണ്ടിരിക്കേണ്ടതാണെന്ന്ഈപുസ്തകംപറയുന്നു. ഇതിൽ എനിക്ക് ഇഷ്ടപ്പെട്ട കഥ 'സൈക്കിൾമോഷ്ട'എനസിനിമയിലേതണ്.നാംസാധാരണസിനിമയെകുറിച്ച ◌ോർക്കുമ്പോൾ സൂപ്പർ സ്റ്റാറിനെയാണ് ഓർമവരുന്നത്. എന്നാൽ ഇതൊന്നും ഇല്ലാതെ സിനിമ ഉണ്ടാക്കാം എന്നാണ് പറയുന്നത്. ബൈസൈക്കിൾ തീവ്സ് നിർമിച്ചത് ഇങ്ങനെയാണ്. ഇതിന് നിരവധി

പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. പട്ടിണി, ദാരിദ്രംതുടങ്ങിയപ്രശ്നങ്ങളാണ് ചിത്രത്തിനാധാരം. തൊഴിൽ രഹിതനായ കുട്ടിക്ക് ഒരു ജോലികിട്ടി. സിനിമാപോസ്റ്റർ ഒട്ടിക്കൽ. അതിനുവേണ്ടിപണയത്തിലായ സൈക്കിൾ എടുത്തു.പണിക്കു പോയിടത്തുനിന്ന് മകന്റെ സൈക്കിൾ കാണാതാവുന്നു. പിന്നീട് അവർ ജോലിക്ക് തിരയുകയാണ്. ആ പാവപ്പെട്ടവരുടെ ജീവിതം പണക്കാരുടെ ജീവിതവുമായി താരതമ്യപ്പെടുത്തി ഡിസീക്ക ചിത്രങ്ങൾ നിർമിച്ചു. ഈ സിനിമ അവർ ഭംഗിയായിപൂർത്തികരിച്ചു.കുട്ടികൾക്കുവേണ്ട നല്ല സിനിമകളെയാണ് സിനിമാജാലകം എന്നപുസ്തകത്തിലൂടെനമുക്ക്പരിചയപ്പെടുത്തിത്തരുന്നത്.

**ശ്രീഷ .വി .ആർ**

# FRIENDSHIP

POEM

Iwanted to thankyou
But was unable to explain what it means
to have a friend
To share life's joys and pains
It's good to know of our friend ship
It's one of endless devotions
Forget out of respect
And every kind of emotion
It's patience and forgiving
Never failing or for saking
When a hand is out-stretched
or one's heart is breaking
It's ever faithful
Even when the world condemns
And sparkles in the darkness



Like fire works and gems
It moves my heart
At the end of the day but
You tell me i will never
Be more than an email anyway
PROOF OF A TRUE FRIENDSHIP IS KNOWING
THAT IF I WERE LOST YOU WOULD, FIND ME

RIZA NIZAR

# മൂവാണ്ടൻ മാവും കുട്ടിക്കൂട്ടവും



കഥ

ഉച്ചവെയിൽ മെല്ലെ നീങ്ങിത്തുടങ്ങി. അന്നും മൂവാണ്ടൻമാവിനരികിൽകുട്ടിക്കൂട്ടംഒത്തുകൂടി. പതിവായി സായാഹ്നത്തിലാണ് അവർ ഒത്രുമിക്കാറ് . എന്നാൽ ഇന്നെന്താ നേ മുത്തശ്ശിക്ക്സംശയമായി.വല്ലകുരുത്തക്കേടും ഒപ്പിക്കാനാണോ.......? മക്കളെ ഇന്നെന്തെ നേരത്തേ? മുത്തശ്ശി അപ്പുവിനോട് ചോദിച്ചു. അപ്പുവാണ് ഈ കുട്ടിക്കൂട്ടത്തിൻ ലീഡർ.

മാളൂവും മിന്നുവും മനുവും അട്ടുവുംഎല്ലാം ഒന്നിച്ചായിരുന്നുമറുപടിപറഞ്ഞതത്ഒന്നുമില്ലാ. ....വെറുതെ. വട്ടത്തിൽ കൂടിനിൽക്കുന്ന

കുട്ടികളുടെ നടുവിലേക്ക് പെട്ടെന്നാണ് മൂവാണ്ടൻമാങ്ങവീണത്.കുട്ടികൾ ഞെട്ടി പിന്നോട്ടൊരുതുള്ൽ.അപ്പോഴാണ്അപ്പുവിന് ഒരാശയം തോന്നിയത്.അവൻ പതുക്കെ പറ ഞ്ഞു. നമുക്കിന്ന് മാങ്ങ പറിച്ചാലോ? അപ്പു പതുക്കെ പറയാൻ കാരണമുണ്ട്. മൂവാണ്ടൻ മാവ് നിൽക്കുന്ന പറമ്പ് മുത്തശ്ശിയുടെ കുടുംബത്തിൻെതാണ്. മുത്തശ്ശിയെങ്ങാൻ കേട്ടാൽ ആകെ കുഴപ്പമാകും. ഒരിക്കൽ " മാങ്ങ പറിച്ചോട്ടെ " എന്ന് മുത്തശ്ശിയോട് ചോദിച്ചതാ"മാങ്ങപറിക്കുകയൊന്നുംചെയ്യു ണ്ടാ വീണതുണ്ടേൽ അത് പെറുക്കിക്കോ " മുത്തശ്ശിയുടെമറുപടികേട്ട്അവർനിരാശപ്പെട്ട് മടങ്ങും അതാണ് പതിവ്. “പക്ഷേ മുത്തശ്ശി വിടില്ലല്ലോ" മാളു പറഞ്ഞു. “എടീ, മണ്ടീ നമ്മൾ മുത്തശ്ശി കാണാതെയാണ് മാങ്ങ പറിക്കേണ്ടത് അപ്പു പറഞ്ഞു . പക്ഷെ

എങ്ങനെ ? ചിന്തിച്ച് ഒരെത്തും പിടിയും കിട്ടുന്നില്ല. അല്ലാ..... ഇന്നല്ലെ മുത്തശ്ശിയും അമ്മയുംകാവില്ലേപ്പാകുന്നെ......എന്നോടുംപറഞ്ഞു.പക്ഷെഞാനപോകുന്നില്ല.മുത്തശ്ശിയുടെ കൊച്ചു മകൾ കൂടിയായ മിന്നു പറഞ്ഞു. അതു ശരിയാണല്ലോ എന്നാൽ നമുക്ക് ഇപ്പോൾ വീട്ടിലേക്ക് പോകാം. എന്നിട്ട് ആ സമയംതിരിച്ചുവരാം.അപ്പുസന്തോഷത്തോടെ പറഞ്ഞു. അങ്ങനെ കുട്ടിക്കൂട്ടം അപ്പോൾ പിരിഞ്ഞു. മാങ്ങ പറിക്കാൻ വേണ്ടി വൈകുന്നേരം കുട്ടികൾ വീണ്ടും ഒത്തുകൂടി. മുത്തശ്ശിയും അമ്മയും പോയപ്പോൾ മിന്നു പുറത്തിറങ്ങി.അവര്മൂവാണ്ടന്മാവിനടുത്തെത്തി . മാങ്ങ എങ്ങനെ പറിക്കും? അപ്പുവിന് സംശയമായി.കുട്ടികള്പലപലഅഭിപ്രായങ്ങൾ പറഞ്ഞു. അവസാനം അപ്പു പറഞ്ഞു.

“നിർത്ത്ഞാനപറയാംഏണിവച്ച്കയറിപ്പറിക്കാം '' ഇത് എല്ലാവരും ശരിവച്ചു . മിന്നു പോയി ഏണി എടുത്തുകൊണ്ട് വന്നു. അവൾ കയറാൻ ഒരുങ്ങി . അപ്പോൾ മനു പറഞ്ഞു " നീ കയറണ്ട,ഞാൻകയറാം "

അങ്ങനെ മനു മരത്തിൽ കയറാൻ തുടങ്ങി .മിന്നുവും അട്ടുവും ഏണി മുറുക്കെ പ്പിടിച്ചു. ആരുംപ്രതീക്ഷിക്കാതെയായിരുന്നു അതിലെ ഒരു നായ ഓടിവന്നത്. കുട്ടികൾ പേടിച്ചു. അപ്പുവും മാളുവും മുന്നേ ഓടി. മിന്നുവും അട്ടുവും ഏണി ഇളക്കിക്കൊണ്ട് ഓടി.പാവം മനു. ഒന്ന് താഴേക്ക് നോക്കി . പെട്ടെന്ന് അവന് തലകറങ്ങുന്നതുരപോലെ തോന്നി. അവന്താഴെവീണു.കുട്ടികള്തിരിച്ചുവന്നപ്പോൾ കണ്ടത് വേദന കൊണ്ടുകരയുന്ന മനുവിനെയായിരുന്നു. അവർ അവനെ എഴുന്നേൽപ്പിച്ചു. അപ്പോഴേക്കും അമ്മയും

മുത്തശ്ശിയും എത്തി. അവർ അപ്പോൾ കണ്ടത്കുട്ടികള്മനുവിനെശുശ്രൂഷിക്കുന്നതാണ്.അമ്മകാര്യംതിരക്കി.മിന്നുകരഞ്ഞുകൊണ്ട്നടന്നത് പറഞ്ഞു. അപ്പോൾ മുത്തശ്ശിക്കും അമ്മയ്ക്കും ചിരി അടക്കാൻ കഴിഞ്ഞില്ല.

**രാധിക**

# തേൻവരിക്ക




## പുസ്തകാസ്വാദനം

പ്രശസ്തകഥാകൃത്ത് നാരായന്റെ ചെറുകഥയാണ്തേനവരിക്ക.പ്രകൃതിയോടുള്ള അതിരറ്റ സ്നേഹം എടുത്തു കാണിക്കുന്ന ഒരു കഥാപാത്രമാണ് അയ്യപ്പന്റേത് . പ്ലാവിന്റെ തണലിലായിരുന്നഅയ്യപ്പന്റേയുംകുടുംബത്ത ിന്റെയും ജീവിതം . പ്ലാവിലകൾ കൊഴിഞ്ഞു വീഴുന്നത് കണ്ട് അയ്യപ്പൻ നെഞ്ചിടിപ്പോടെ നിൽക്കുകയായിരുന്നു . എന്നാൽ അയ്യപ്പന്റെ മകൻ സുരേന്ദ്രൻ ഷാപ്പിലെ പറ്റു തീർക്കാൻ എന്നകാരണവുംപറഞ്ഞ്അച്ഛന്റ വാക്കുകൾ ക്ക് വില കൊടുക്കാതെ പ്ലാവിനെ വെട്ടാൻ ഒരുങ്ങുകയും ചെയ്യുന്നു . ആ തടിക്ക് പല കാലത്തും ആവശ്യക്കാരുണ്ടായിരുന്നു .

എന്നാൽ ആ പ്ലാവ് വെട്ടാൻ വീട്ടുകാർക്ക് മനസ്സുണ്ടായിരുന്നില്ല ; സുരേന്ദ്രനൊഴികെ . ദാരിദ്ര്യം നിറഞ്ഞ കാലത്ത് ചക്ക വിഭവങ്ങളായിരുന്നുകുടുബത്തിന്ആശ്രയമുണ്ടായിരുന്നത്.ചക്കയുടെ തണലിൽ ജീവിച്ച ആ കുടുംബത്തിന് ചക്കയില്ലാത്ത ജീവിതം ഓർക്കാനാവില്ല.അയ്യപ്പന്റെമകനായ സുരേന്ദ്രൻ പ്ലാവ് വെട്ടി മാറ്റിയതിനു ശേഷം മുറ്റത്ത് പ്ലാസ്റ്റിക്ക് കൂടുകളിൽ റബ്ബർ തൈകൾ നട്ടുപിടിപ്പിച്ചു കുറച്ചു കാലങ്ങൾക്കു ശേഷം മണ്ണുണങ്ങിവരണ്ടു. തേൻ വരിക്കയുംവെള്ളവുമില്ലാത്ത അവസ്ഥയായി . മണ്ണിനോടും പ്രകൃതിയോടും നീതി കാട്ടുന്നതിനു പകരം പരമാവധി ചൂഷണം ചെയ്തു പ്രകൃതിയേ ദ്രോഹിക്കുന്നവർക്കു സുരേന്ദ്രന്റെ അനുഭവം ഒരു പാഠമായരിക്കും . മണ്ണിനോടും പ്രകൃതിയോടും സ്നേഹം പുലർ

ത്തണം എന്ന സന്ദേശമാണ് കഥയിലൂടെ ലഭികുന്നലളിതമായഭാഷാരീതിയാണ്കഥാകൃത്തിന്റേത്.അനുവാചകർക്കു മനസ്സിലാകുന്ന രചനാശൈലിയുംസുന്ദരമായപ്രയോഗങ്ങളും കഥയുടെ പ്രത്യേകതയാണ് . പ്രകൃതിയും മനുഷ്യനുംതമ്മിലുള്ളസ്നേഹംദൃഢമാക്കേണ്ടതിന്റെ ആവശ്യകത തേൻവരിക്ക നമ്മെ ഓർമ്മിപ്പിക്കുന്നു.

**അങ്കിത.ടി**

# കാണാത്തപാഠങ്ങൾ



**ലേഖനം**

ശാസ്ത്രലോകം വളരെയധികം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.ഇന്നുമനുഷ്യരുടജീവിതതാളം തന്നെ മാറ്റിമറിച്ചിരിക്കുന്നു .ശാസ്ത്ര പുരോഗമനം ഉണ്ടായത് കൊണ്ട് തന്നെ പുതു തലമുറഎല്ലാസുഖസൗഭാഗ്യങ്ങളോട് കൂടേയുംവളരുന്നു.അതിനിടയിലഅനുഭവങ്ങള്നല്കുന്നപാഠങ്ങള്നാംമറക്കുന്നു.ഏതൊരുമനുഷ്യനും ഉയരത്തിൽ എത്തുന്നത് അവന്റെ കഴിവ് കൊണ്ടാണ് .നാം ചിലപ്പോൾ വന്ന വഴി മറക്കും . നമ്മുടെ ശരീര ഭാഗങ്ങൾ ഓരോന്നും വളരെയേറെ മൂല്യമേറിയതാണ് .

നാം എന്നും നടക്കുന്നവരാണ് .വലത്തെ കാൽ ഒരടി മുന്നോട്ട് വച്ചാൽ മാത്രമേ ഇടത്തെ കാൽപിന്നിലാകൂ . ഇടത്തെ കാൽ ചലിപ്പിക്കാതെ ഒരു കുട്ടിക്കും അല്ലെങ്കിൽ ഒരു മജീഷ്യനും ഇന്നുവരെ സാധിച്ചിട്ടില്ല ഞാനില്ലെങ്കിൽ നീയും നീയില്ലെങ്കിൽ ഞാനുമില്ല എന്ന മട്ടിലാണ് ഇരുകാലുകളും ചലിക്കുന്നത് ഇന്നത്തെ തിരക്കുപിടിച്ച ലോകത്തിനു നൽകുന്ന പാഠമാണിത് പരസ്പര സഹകരണമില്ലാതെ ആരും മുന്നേറില്ല എന്ന പാഠം . ഹൈഹീൽ ചെരുപ്പുകൾ ധരിച്ച് ടപക് ടപക് ശബ്ദം ഉണ്ടാക്കി നടക്കുമ്പോൾ അരുത സാരമില്ല ഞങ്ങളത് ക്ഷമിച്ചുകൊള്ളാം എന്നു പറയുന്ന ഓരോ മണൽ തരിയും ഒരു പാഠമാണ് . മരങ്ങൾ മുഴുക്കെ വെട്ടി നശിപ്പിച്ചാലും സ്നേഹത്തിന്റെയും ദയയുടെയും കാറ്റ്

വീശുന്ന മരങ്ങളും, ഒരു ചില്ലു കുട്ടിൽ കിടക്കുന്ന മത്സ്യവും നമ്മുക്കോരോരുത്തർക്കും മഹത്തായ പാഠങ്ങളാണ് . സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള ഒരോ സംഭവങ്ങളും ഓരോ പാഠമാണ് .പാഠങ്ങൾ നമ്മെ തേടിവരില്ല ,നാം അതിനെ തേടിപ്പോകണം.

**ഫാത്തിമത്തുൽ റഷ.എ**

# അമ്മുവിന്റെ അവധിക്കാലം



വെള്ളം നിറഞ്ഞൊഴുകുന്ന തോട്.കുന്നിൻചരിവുകൾ ,വൻമലകൾ ,പൂക്കളാൽ നിറഞ്ഞ പൂന്തോട്ടം ഇതൊക്കെയായിരുന്നു അമ്മുവിന്റെ മനസ്സിൽ മുഴുവനും .അവധിക്കാലമാണ് . രണ്ടു മാസത്തെ സുന്ദരമായ അവധിക്കാലം . നഗരത്തിന്റെ ദുർഗന്ധം വിട്ട് ഗ്രാമത്തിന്റെ ശുദ്ധവായുവിലേക്ക് അമ്മു നാളെ പോവുകയാണ് .തന്റെ പ്രിയപ്പെട്ട മുത്തശ്ശിയുടെ അടുത്തേക്ക് , ഗ്രാമത്തിലേക്ക് . വയലേലകളും പുഴകളും തങ്ങി നിൽക്കുന്ന ഗ്രാമം . നാളെ മുത്തശ്ശിയെ കാണാൻ പോകുന്ന ആഹ്ലാദത്തിലാണവൾ . അമ്മുവിന്

നഗരജീവിതം ശരിക്കും മടുപ്പായിരുന്നു .കൂടാതെ  മുത്തശ്ശിയെ കുറിച്ചുള്ള ചിന്തകളും . അച്ഛന്റെയും അമ്മയുടെയും ജോലിത്തിരക്കു കാരണം അവരുടെ കൂടെ കഴിയുന്നു എന്നു മാത്രം . രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ കേൾക്കുന്ന വണ്ടികളുടെ കലപില ഹോണടിശബ്ദം ചുട്ടുപ്പൊള്ളുന്ന വെയിൽ . അവൾക്ക് ഇതൊക്കെ അസഹനീയമായിരുന്നു .സ്കൂൾ വിട്ട് അമ്മു വീട്ടിലെത്തി . ഇന്ന് സ്കൂൾ അടച്ചു . ഇനി രണ്ടു മാസത്തെ അവധിക്കാലം . “അമ്മേ.... അമ്മെ.....’’. “ദാ അമ്മ അടുക്കളയിലുണ്ട് ,ചെറിയ തിരക്കി ലാ...”അമ്മ പറഞ്ഞു.അവൾ ബാഗ് റൂമിൽ വെച്ച് കൈയ്യും കാലും കഴുകി അമ്മയുടെ അടുത്തേക്ക് ചെന്നു . അമമ അവൾക്ക് ചായ നൽകി . അവൾ ചായ കുടിച്ചെഴുന്നേറ്റു

."അമ്മേ നാളെ നമ്മൾ മുത്തശ്ശിയുടെ അടുത്തേക്ക് പോകില്ലേ ....?''അവൾ ആകാംഷയോടെ ചോദിച്ചു. പോകുമെന്നല്ലേ അച്ഛൻ പറഞ്ഞിരിക്കുന്നത് പോകുമായിരിക്കും ,അമ്മ മറുപടി പറഞ്ഞു. പെട്ടെന്ന് ഒരു ഫോൺകോൾ വന്നു .ഫോണെടുത്തത് അമ്മുവാണ്.അവൾ സംസാരിച്ചു.അത് അവളുടെ പ്രിയപ്പെട്ട മുത്തശ്ശിയായിരുന്നു "ഹലോ മുത്തശ്ശി..... ""എന്റെ പൊന്ന് മോളോ...എന്തൊക്കെയുണ്ട് ,സുഖമല്ലേന്റെ മോൾക്ക്""സുഖമൊക്കെ തന്നെ ,മുത്തശ്ശിക്കോ?"മുത്തശ്ശിക്ക് യാതൊരു കുഴപ്പവുമില്ല ,അമ്മ എവിടെ മോളെ ?"ദാ അടുക്കളയിലുണ്ട്, പിന്നെ മുത്തശ്ശി ഞങ്ങൾ നാളെ ചിലപ്പോൾ വരും ."സത്യമാണോ കുഞ്ഞേ ......... " ഉം !ഞാൻ കള്ളം

പറയുമോ? അച്ഛൻ തന്നെ പറഞ്ഞതാ പോകുന്ന് ,എനിക്ക് വാക്കും തന്നു”സ്കൂൾ പൂട്ടിയോ അമ്മൂട്ടി ? “ ഉം ഇന്ന് പൂട്ടി മുത്തശ്ശീ”എങ്കിൽ നീ ഫോൺ അമ്മയ്ക്ക് കൊടുക്ക് .....ഉം ശരി,അമ്മേ ദാ മുത്തശ്ശിയാ....പിന്നീട് അവർ തമ്മിൽ കുറെ സംസാരിച്ചു .അമ്മു ടി.വി കാണുകയായിരുന്നു .രാത്രിയായി അച്ഛൻ വന്നു ,വാതിൽ തുറന്നത് അമ്മുവാണ്.അമ്മൂട്ടീ....സ്കൂൾ അടച്ചോ ?..ഉം ഞാൻ വളരെ സന്തോഷത്തിലാ അച്ഛൻ വാാാ..അച്ഛൻ ഭക്ഷണം കഴിച്ച് ടി .വി കാണാൻ വന്നിരുന്നു.“അച്ഛാ നമ്മൾ നാളെ മുത്തശ്ശിയുടെ അടുത്ത് പോകുമോ ”ഉം നമ്മൾ പോകും ....അതു കേട്ടതും എന്തൊരു ആഹ്ലാദമായിരുന്നെന്നോ അമ്മുവിന്.ഉറക്കം വന്ന് അവൾ ഉറങ്ങി അച്ഛൻ അമ്മയോട്

പറഞ്ഞു കണ്ടില്ലേ ഗായത്രീ അവളുടെ സന്തോശം .ശരിയാ ഹരിയേട്ടാ അവൾ ഒരുപാടു സന്തോഷിക്കുന്നുണ്ട്. എന്തായാലും നമ്മൾ നാളെ തന്നെ പോകുമോ? ഉം പോകും മോൾക്ക് വാക്കു നൽ കിയതല്ലേ.......... അങ്ങനെ രാത്രി വളരെ വൈകി അവർ ഉറങ്ങി. സൂര്യൻ കിഴക്കുദിച്ചു .അമ്മു പതിവിലും നേരത്തെ ഉണർ ന്നു.അച്ഛൻ മുറ്റത്ത് പത്രം വായിക്കുകയായിരുന്നു.അവൾ അച്ഛന്റെ അടുത്തേക്ക് ചെന്നു അച്ഛാ അവൾ വിളിച്ചു .ഇതാരാ ഇന്നു നേരത്തേ എഴുന്നേറ്റോ ? അത് പിന്നെ ഇറക്കം ഞെട്ടിയപ്പോൾ മുത്തശ്ശിയുടെ അടുത്ത് പോകുന്ന കാര്യം ഓർ ത്തത് .പിന്നെ ഉറക്കം വന്നില്ല.ഓ അതാണോ കാര്യം അമ്മു ചെന്ന കുളിച്ച് ചായ കുടിച്ച് റെഡിയാവ് ......ഓകെ അച്ഛാ

ഞാൻ അമ്മയുടെ അടുത്ത് ചെല്ലട്ടെ .
അങ്ങനെ പ്രഭാത ഭകിഷണം കഴിഞ്ഞ്
അവർ മൂവരും റെഡിയായി .മുറ്റത്ത് കാറിന്റെ
ഡ്രൈവർ വന്നു .എന്നാ പോകാം സുധീ
അല്ലേ ഓ പിന്നെന്താ കയറിക്കോ.അങ്ങനെ
യാത്ര തുടങ്ങി .കീർ റൈൽ വേ സ്റ്റഷനിൽ
നിർത്തി . "ടിക്കറ്റെവെടുത്ത് ട്രയിനിൽ കയറി
"പിന്നെയുള്ള യാത്ര
ട്രെയിനിലായിരുന്നു.അവർക്ക് സീറ്റ് കിട്ടി
അമ്മു ജനലിനരികത്തു തന്നെ
ഇരുന്നു.ട്രെയിൻ നീങ്ങി,കുറെ
ദൂരമെത്തിയപ്പോൾ നിറയെ കുന്നുളും
തെങ്ങുകളും കടലുകളും കൃഷിത്തോട്ടങ്ങളും
ഒക്കെഅമ്മു കണ്ടു.അമ്മു ആ
കാഴ്ച്ചകളൊക്കെ ആസ്വദിക്കുകയായിരുന്നു
.പക്ഷേ കുറെ ദൂരം കഴിഞ്ഞപ്പോൾ അവൾ
യാത്ര ക്ഷീണം കാരണം ഉറങ്ങിപ്പോയി

,നേരം ഉച്ചയോടടുത്തു സ്റ്റേശനിൽ ഇറങ്ങി പിന്നെ നടക്കേണ്ട ദൂരമേ ഉണ്ടായിരുന്നുള്ളൂ...പക്ഷേ ആ വഴിയെല്ലാം നശിച്ചു ആതുകൊണ്ട് പിന്നീടുള്ള യാത്ര ടാക്സിയിലായിരുന്നു .പതിവിലും നേരത്തെ ഉണർന്ന് അവൾ വേണ്ടി എല്ലീം ഒരുക്കി വെക്കുകയായിരുന്ന മുത്തശ്ശി ഹോണടി ശബ്ദം കേട്ട് മുറ്റത്തേക്കോടി .അമ്മു ടാക്സിയിൽ നിന്നിറങ്ങിയതും മുത്തശ്ശീന്ന് പറഞ്ഞ് മുത്തശ്ശീയെ കെട്ടിപ്പുണർന്നു.അലാ എന്താ മക്കളെ അവിടെ തന്നെ നിന്നത് വാ അകത്തേക്ക് വാ...........................

അങ്ങനെ ദിവയങ്ങൾ കഴിഞ്ഞു ഇന്നാണ് അവർ പോകുന്നത് അതിന്റെ സങ്കടത്തിലാണ് അമ്മു അവിടെ കഴിഞ്ഞ

രസനിമിഷങ്ങളെല്ലാം അവൾ ഓർത്തു
എല്ലാവരും റെഡിയായി . അമ്മു ഒരിക്കൽ കൂടി അവധിക്കാലം ആഗ്രഹിച്ചു ...

**ആര്യ കെ**

# ആദിത്യനോട്



കവിത

അല്ലയോആദിത്യാ ...
ചൊല്ലിത്തന്നാലുമെനിക്ക്
നിന്റെ അത്ഭുതമാന്ത്രിക ശക്തിയെക്കുറിച്ച്
പഠിപ്പിച്ചു തന്നാലും നീ ആദിത്യാ ...
നിന്റെ സ്വഭാവസവിശേഷതകളെപ്പറ്റി
നീ അറിവുനൽകിയാലുമെനിക്ക്
നിന്റെ ഭാവമാകുന്ന രൂപത്തെക്കുറിച്ച്
പ്രദോഷത്തിൽ കാണാം,നിന്റെ ക്ഷീണവും
മടുപ്പുംഎന്നാൽപ്രഭാതത്തിൽ ദർശിക്കാറുണ്ട്
;ഞാൻ നിന്റെ
പഴയതിലും ഉന്മേഷത്തോടുകൂടെയുള്ള
ഉയിർത്തെഴുന്നേൽപ്പ്
ചില നേരത്ത് സായംസന്ധ്യയിൽ

മുങ്ങിക്കുളിപ്പിച്ചു നിൽക്കുന്ന
നിന്റെ കോപാഗ്നിയും കണ്ടിട്ടുണ്ട് ഞാൻ
ഉച്ചനേരങ്ങളിൽ നീ ജീവജാലങ്ങൾക്കു നൽകുന്ന
അത്യുന്മേഷകാന്തിയായ വെളിച്ചം നിന്റെ
ദയാവായ്പായും എനിക്കനുഭവപ്പെട്ടിട്ടുണ്ട്.
എന്തുകൊണ്ട് നീ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തനായി?
എന്തുകൊണ്ട് നിന്റെ മനസ്സിലെ വികാരങ്ങൾ
പുറത്തേക്ക് ജ്വലിച്ച് നിൽക്കുന്നു?
അല്ലയോ ആദിത്യാ...
ഇന്നും ഞാൻ തേടുന്നു ഇതിന്റെ രഹസ്യം .
പഠിപ്പിച്ച് തന്നാലും നീ ... അറിവു നൽകിയാലും...-

പ്രാജക്ത രാജീവ്

# പ്രളയ കേരളം



ലേഖനം

നമ്മുടെ കേരളത്തിനെ അത്രയേറെ ദുഖഃത്തിയാഴ്ത്തിയ ഒരു പ്രതിസന്ധിയാണ് ഈയിടെ കേരളത്തിലുണ്ടായ വൻപ്രളയം .ഏറെ ബിദ്ധിമുട്ടുകൾ ഇതിൽ നിന്നും അനുഭവിക്കേണ്ടതായി കേരളത്തിനു വന്നു. കേരളത്തിലെ മുക്കാൽ ഭാഗവും ഈ പ്രലയ ദുരന്തത്തിൽ അകപ്പെട്ടിരുന്നു .ഈയിടെ ഉണ്ടായ കനത്ത മഴയുടെ തുടർച്ചയായാണ് പ്രലയത്തിന്റെ വരവ് .പത്തോളം ജില്ലകൾ പ്രലയത്തിൽ മുങ്ങിത്താഴ്ന്നു. ആയിരത്തോളം പേരുടെ മരണം .

കനത്ത മഴ പെയ്തു കൊണ്ട് എല്ലാവർക്കും ഒരു സൂചന നൽകിയിട്ടു ആരും അതിന് ഒരു വിലയും കൊടുത്തില്ല . എത്രയോപേർ ജീവൻ മരണ പോരാട്ടത്തിലായിരുന്നു .എല്ലാവരുടെയും സ്വപ്നങ്ങൾ തകർന്നു .കെട്ടിപ്പടുത്തിയ സാമ്രാജ്യങ്ങൾ ഒരൊറ്റ നിമിഷം കൊണ്ട് തകർന്നു വീഴുകയായിരുന്നു .

എന്നാലും എല്ലാവരും തന്നെ അവരുടെ അവസാന ശ്വാസം വരെ ഇതിനെ അതിജീവിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു . ഇയൊരു വലിയ ദുരന്തത്തെ എല്ലാവരും അതിജീവിച്ച് പുറത്തു കടന്നു . അതിജീവനത്തിന്റെ ഒരു വലിയ ഉദാഹരണം നമ്മുക്കിതിലൂടെ കാണാം . എല്ലാവരുടെയും ഉള്ളിൽ ഒരു പ്രത്യാശ ഉണ്ടായിരുന്നു . അതിന്റെ ധൈര്യത്തോടെ

എല്ലാവരും ഒറ്റക്കെട്ടായി അതിനോട് പോരാടി . ഒടുവിലെ അവരുടെ വിജയത്തിൽ എല്ലാവരും പങ്കുചേർന്നു . ഓരോ മഹത് വെക്തികളും അവരെ ഏറെ സഹായിച്ചു .കേരളം ഒത്തൊരുമയുടെ സംസ്ഥാനമാണ് എന്ന് ഇതിൽ നിന്നും തെളിയിച്ചു . നാം ഒറ്റ കെട്ടായി നിന്നാൽ നമ്മുക്ക് എന്താണ് ചെയ്യാൻ കഴിയാത്തത് .പണ്ടത്തെ ജാതിമത വേർതിരിവിനും ദുരാചാരങ്ങൾക്കും ഒരു തിരിച്ചടിയാണിത് .ജാതി മത വേർതിരിവോ മറ്റു കാര്യങ്ങളോ ഒന്നും തന്നെ ഇത്തരം പ്രതിസന്ധികളിൽ ആരും ശ്രദ്ധിക്കാറില്ല .പ്രളയ ദുരന്തത്തിലൂടെ ഏറെ നാശനഷ്ടങ്ങൾ കേരളത്തിനുണ്ടായിട്ടുണ്ട് . സർക്കാരിന്റെ സംഭാവന കൊണ്ടും ദുരിതാശ്വാസ പ്രവർ

ത്തനങ്ങൾ കൊണ്ടും ഒരോന്നായി നികത്തിക്കൊണ്ടിരിക്കുക യാണ്. ഇപ്പോഴും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഓരോയിടത്തും നടന്നു കൊണ്ടിരിക്കുകയാണ് .

" എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുക"എന്നതിനുള്ള ഉദാഹരണമാണിത് . സാമൂഹ്യ മാധ്യമങ്ങളിലൂടെ വീഡിയോ സന്ദേശങ്ങൾ കൈമാറി കൊണ്ടാണ് പകുതിയോളം പേർ ഇതിനൊരു പ്രതിവിധി കണ്ടെത്തിയത്.എല്ലാപ്രതിസന്ധിനേരിടാനു ള്ള കരുത്ത് നമുക്കുണ്ടാവട്ടെ. നമ്മുടെ സ്വപ്നങ്ങളിൽ നനവ് പടരാതിരിക്കട്ടെ.

ഗഗന ശ്രീകുമാർ

# പ്രകൃതിയെതൊട്ടറഞ്ഞ ക്യാമ്പ് - യാത്രാനുഭവം



പുതുവർഷമായ 2020-ൽ ഞാൻ ആദ്യമായി പങ്കെടുത്ത ക്യാമ്പ് സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമായിരുന്നു.നമ്മുടെ സ്കൂളായ ജി.ജി.എച്ച്.എസ്.എസ് മാടായിയും വെള്ളാട്

യു.പി സ്കൂളും തമ്മിലായിരുന്നു ഈ പഠന ക്യാമ്പ്.ആദ്യമാ
യാണ് ഇത്രയും വ്യത്യസ്തമായ ഒരു ക്യാമ്പിൽ ഞാൻ പങ്കെ
ടുത്തത്.ഏകദേശം ഒമ്പതു മണി ആകുംമ്പോഴേക്കും പരിപാടി ആരംഭിച്ചു.നമ്മൾ അവരെ സ്നേഹപൂർവം സ്വീകരിച്ചു.സ്കൂളിലെത്തിയപ്പോൾ തണുത്ത പാനീയം നൽകി.ഉദ്ഘാടനച്ചടങ്ങ് ഏറെ ഹൃദയമായിരുന്നു.ആദ്യം തന്നെ നാമെല്ലാവരും ബസ്സിൽ കയറി ചൂട്ടാട് ബീച്ചിലേക്ക് യാത്രപുരപ്പെട്ടു.അവിടെ എല്ലാവരും കൂടി ഇരുന്ന് പരസ്പരം പരിചയപ്പെട്ടു.പിന്നെ അവിടുത്തെ കടലിന്റെ സൗന്ദര്യം ആസ്വദിച്ചു.തുടർന്ന് സ്കൂളിലെത്തി ഉച്ചഭക്ഷണം കഴിച്ചു.
പിന്നെയും യാത്ര തുടങ്ങി.ഏഴിമലയിലേക്കായിരുന്നു

പിന്നീടുള്ള യാത്ര.അവിടെ വെച്ച് ഈ രാജ്യത്തെ ഏറ്റവും വലിയ ഹനുമാന്റെ പ്രതിമ കണ്ടിട്ട് നാമെല്ലാവരും അമ്പരന്നു.അനന്തരം എട്ടിക്കുളം ബീച്ചിലെത്തി.അവിടെ
നിന്നു കുറേ ഫോട്ടോകൾ എടുത്ത്,വെള്ളത്തിൽ കളിച്ചു
വണ്ടി തിരിച്ചു.പിന്നെ പഴയങ്ങാടിപ്പുഴയുടെ അടുത്തെത്തി,
കുറച്ചു കഥകൾ പറഞ്ഞുരസിച്ചു.ആ വൈകിയ വേളയിൽ നാം പെട്ടന്നുതന്നെ സ്കൂളിലെത്തി കുളിയും മറ്റു കാര്യങ്ങളും ചെയ്തു.രാത്രി ഭക്ഷണത്തിനു ശേഷം ഡാൻസും കലാപരി
പാടികളും നടന്നു. പിന്നീടുള്ള ക്യാമ്പ് ഫയറിൽ നാമെല്ലാവ
രും തകർത്താഘോഷിച്ചു പിന്നെ വിശ്രമിച്ചു.രണ്ടാം ദിവസം
പ്രഭാതസവാരിയിൽ മാടായിപ്പാറയാകെ സന്ദർശിച്ചു.

പ്രഭാത ഭക്ഷണത്തിനു ശേഷം പരിസ്ഥിതി പ്രവർത്തകനാര
യ അഖിലേട്ടന്റെ നേതൃത്വത്തിൽ മാടായിലെ ജൈവവൈ
വിദ്യത്തെക്കുറിച്ച് ക്ലാസ് നടത്തി. നവ്യാനുഭവമായിരുന്നു അത്. തിരിച്ചു
സ്കൂളിലെത്തി ഉച്ചഭക്ഷണം കഴിച്ചു പിന്നീടൊ
രു മാജിക്ക് ഷോ ഉണ്ടായിരുന്നു. എല്ലാവരും അത് ആസ്വ
ദിച്ചു.അതിനിടെ മധുരവിതരണവും നടന്നു.വൈകുന്നേര
ത്തോടെ വെള്ളാടിലെ കുട്ടികൾ അവരുടെ നാട്ടിലേക്ക്
യാത്രയായി.തികച്ചും വ്യത്യസ്തമായിരുന്നു.

വെള്ളാട് യു.പി സ്കൂളിലേക്കൊരു യാത്ര

2019 ഡിസംബർ പതിനൊന്നാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9:00 മണിക്ക് കുട്ടികളും അധ്യാപ

കരും രക്ഷിതാക്കളുമടങ്ങുന്ന സംഘം നമ്മുടെ സ്കൂൾ ബസ്സിൽ
വെള്ളാട് സ്കൂളിലേക്ക് യാത്രപുറപ്പെട്ടു.ഏകദേശം ഒരു
മണിക്കൂർ എടുത്ത്കാണും,വെള്ളാട് സ്കൂളിലേക്ക് എത്തി
ചേരാൻ.അവിടെ എത്തിയപ്പോൾ ഒരു വൻ സ്വീകരണം
തന്നെ നമുക്ക് ലഭിച്ചു.ഭിന്നശേഷിക്കാരായ കുട്ടുകാരുടെ
ബാന്റ് മേളവും മറ്റും അടങ്ങുന്ന ഒരു ഘോഷയാത്രയാണ്
ഞങ്ങളെ വരവേറ്റത്.കുറച്ച് നടക്കേണ്ടതായി വന്നതുകൊ
ണ്ട് ചെറിയ വിഷമമുണ്ടായിരുന്നു.പക്ഷെ സ്കൂൾ വാതിക്കൽ
എത്തിചേർന്നപ്പോൾ അതൊക്കെ മാറി.അവിടെ എത്തി

യപ്പോൾ ആദ്യംതന്നെ അവിടുത്തെ കുട്ടുകാർ നമ്മുടെ പേരെഴുതിയ ബോർഡുമായി നിൽക്കുകയായിരുന്നു.എന്റെ
പേര് അതിൽ ഉണ്ടായിരുന്നില്ല.എനിക്ക് സങ്കടമായി.
പിന്നെ നമുക്ക് പാഷൻഫ്രൂട്ടിന്റെ ജ്യൂസ് കിട്ടി. അതിനു ശേഷം നമുക്കിഷ്ടമുള്ള നിറത്തിൽ കൈപ്പത്തി മുക്കി അടയാളം പതിപ്പിച്ചു.ഉദ്ഘാടന വേദിയിലെ പ്രഭാഷണ പരിപാടിയൊന്നും എനിക്കിഷ്ടമല്ലാതതിനാൽ ഉറക്കം
വന്നു.പിന്നെ നമ്മൾ ബാഗുംസാധനങ്ങളും അവിടെയുള്ള
മുറിയിൽ കൊണ്ടുവച്ചു.പ്രകൃതി പഠനയാത്ര ആരംഭിച്ചു.റബ്ബർ
പാല് ശേഖിക്കുന്നതും,തേൻകൃഷി നടത്തുന്ന രീതിയെ
ക്കുറിച്ചും മനസ്സിലാക്കി.ഉച്ചയോടെ പ്രകൃതിദത്തമായ ഭക്ഷ

ണം കഴിച്ചു.അതിനുശേഷം കളിയരങ്ങായിരുന്നു.
അധ്യാപകരുടെ നേതൃത്വത്തിൽ നല്ല അടിപൊളി കളികളും
കാര്യങ്ങളും പഠിപ്പിച്ചു.കുറേ ആളുകളെ പരിചയപ്പെടാൻ
കഴിഞ്ഞതാണ് ഏറ്റവും വലിയ അനുഭവം.സായാഹ്നമായ

പ്പോൾ കാന്തൻ എന്ന സിമിമ കണ്ടു.സീരിയലും അഭിനയിക്കുന്ന നിരഞ്ജനയോടപ്പം ഫോട്ടോസ് എടുത്തു.
പിന്നെ രാത്രി ഭക്ഷണത്തിന് ശേഷം ക്യാമ്പ് ഫയർ.നല്ല അടിപൊളിയായിരുന്നു ഡാൻസും പാട്ടും. ഹോ! എന്തൊ
ക്കെയായിരുന്നു. രാത്രി ഏകദേശം ഒരു മണി ആയിക്കാ
ണും;നമ്മൾ ഉറങ്ങാൻ.രണ്ടാം ദിവസം രാവിലെ എഴുന്നേറ്റ്

യോഗചെയ്തു.ഒരു ആയുർവേദ സ്ഥാപനത്തിലായിരുന്നു പ്രഭാതസവാരി നടത്തിയത്.അതിനുശേഷം പൈതൽമല യിലേക്കു യാത്ര തുടങ്ങി.ഒരു വലിയ കുന്നുകയറിയിട്ടുവേണം എത്താൻ. പ്രയാസമേറിയതെങ്കിലും അവിടെയെത്തിയ പ്പോൾ അവിസ്മരണീയമായ കാഴ്ച്ച തന്നെയായിരുന്നു. അത് നമ്മൾ അവിടെ നിന്ന് കപ്പയും ചമ്മന്തിയും കഴിച്ചു. മടക്കയാത്രയിൽ ഏഴരക്കുണ്ട് വെള്ളച്ചാട്ടം സന്ദർശിച്ചു. അവിടെ നിന്നായിരുന്നു ഉച്ചഭക്ഷണമായ നെയ്ച്ചോറും ചിക്കൻക്കറിയും കഴിച്ചത്. പിന്നെയും കുറെ മനോഹരമായ

കാഴ്ച്ചകൾ ആസ്വദിച്ചു.കൂട്ടുകാരുമൊത്ത് ഉല്ലസിച്ചതിന്നു ശേഷം വെള്ളാട് സ്കൂളിലേക്ക് പോയി. പഠനക്യാമ്പിന്റെ വിസ്മയദൃശ്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് ഞങ്ങൾ തിരിച്ച് നാട്ടിലേക്ക് മടങ്ങി.

-ഗഗന ശ്രീകുമാർ

# കാക്കപ്പൂ പറയാൻ വെച്ചത്



# പിൻകുറിപ്പ്

ഈ ഉദ്യമത്തിൽ സഹായിച്ചവർ ഏറെയാണ്. അധ്യാപകർ , സൃഷ്ടികൾ തന്ന കുട്ടികൾ , കവർ ചിത്രവും ലേ ഔട്ടും ഒരുക്കിയ പ്രിയ കൂട്ടുകാർ തുടങ്ങി എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി തിരിച്ച നൽകുന്നു.

ഹൃദയപൂർവ്വം കാക്കപ്പൂവ് പറയുന്നതെല്ലാം ഞങ്ങൾക്ക് കേൾക്കാം.പൂവ് പാറയോടും പുല്ലിനോടും കാറ്റിനോടുമൊക്കെ വിളിച്ച പറയുന്നത് കേൾക്കാൻ ഞങ്ങൾ കാതോരം ചേർത്തു പിടിക്കുന്നു.'കാക്കപ്പൂ പറയാൻ വെച്ചത്' ഞങ്ങൾ നിങ്ങൾക്കായ് സമർപ്പിക്കുന്നു.ഏറെ സ്നേഹത്തോടെ അതിലേറെ ആദരവോടെ

നന്ദി.....നന്ദി.....നന്ദി

ഫാത്തിമത്തുൽ റഷ.എ
ചീഫ് എഡിറ്റർ